## 1164

*രീതി: യേശു എന്നുള്ളത്തിൽ*

ഭാഗ്യവാനാകുവാനേക മാർഗ്ഗം പാരിലാർക്കും ക്രിസ്തു മാത്രം
ക്രിസ്തുവിൽ വിശ്വസിച്ചിടുമെങ്കിൽ നിത്യഭാഗ്യജീവനേകും

1 സ്വത്തു ഭൂവിലെത്രയേറെ കിട്ടിയാലും
മൃത്യുനേരം വിട്ടു വേഗം യാത്രയാകും
നിത്യമാം സ്വത്തുക്കൾ നൽകിടുവാൻ ആസ്തിയുള്ളോൻ ക്രിസ്തു മാത്രം

2 പൊന്നുവെള്ളിയൊന്നുമല്ല വീണ്ടെടുപ്പാൻ
ചെന്നിണം താനന്നു ചിന്തി മാനവർക്കായ്
തൻവിലയൊന്നു മതിച്ചിടാമോ? ധന്യരല്ലേ ക്രിസ്തുവുള്ളോർ-

3 തീയിലൂതിത്തീർത്ത തങ്കമായ കർത്തൻ
ജീവിതത്തിലുൾ പ്രവേശിച്ചുള്ള മർത്ത്യർ
ധന്യരായ് തീരുവതെത്രയോഗ്യം! ക്രിസ്തുവുള്ളോർക്കെത്ര ഭാഗ്യം!-

4 തൻനിമിത്തം നിന്ദയേറ്റാൽ തന്റെ ഭക്തർ
ധന്യമായും മാന്യമായും എണ്ണിടുന്നു
മന്നിതിൽ ധന്യതയെന്നുമുള്ള ഖിന്നതയിൽ ചെന്നു തീരും-

5 സ്വർഗ്ഗരാജ്യ വാഴ്ചയാകും ഭാവികാലം
ഭാഗ്യപൂർണ്ണരായി മേവും തന്റെ മക്കൾ
ക്രിസ്തനെ ഗണ്യമാക്കാത്തവർക്കോ നിത്യനാശം എത്രക്ലേശം!-

**T.K.S.**